**റൂളിംഗ്**

**ചട്ടം 64 പ്രകാരമുള്ള പ്രസ്താവന**

മി. സ്പീക്കർ: നിയമസഭാ നടപടി ചട്ടം 64 പ്രകാരം മന്ത്രിസ്ഥാനം രാജിവച്ച ഒരു അംഗത്തിന്, സ്പീക്കറുടെ സമ്മതത്തോടുകൂടി തന്റെ രാജിയെപ്പറ്റിയുള്ള വിശദീകരണമെന്ന നിലയ്ക്ക് വ്യക്തിപരമായ ഒരു പ്രസ്താവന ചെയ്യുവാൻ അവകാശമുണ്ട്. പ്രസ്താവനയുടെ കോപ്പി അത് നടത്താൻ ഉദ്ദേശിക്കുന്ന തീയതിക്ക് ഒരു ദിവസം മുമ്പ് സ്പീക്കർക്കും സഭാനേതാവിനും നൽകണമെന്നുണ്ട്. അങ്ങനെയുള്ള പ്രസ്താവന ഏത് ദിവസമാണോ നടത്തുന്നത് ആ ദിവസത്തെ കാര്യവിവരപ്പട്ടികയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ചെയ്യണമെന്ന് ചട്ടം 64(3) അനുശാസിക്കുന്നതിനാലാണ് ഇപ്പോൾ പ്രസ്താവന ചെയ്യുവാൻ ശ്രീ. കെ. എം. മാണിയെ ക്ഷണിച്ചത്. സഭയിൽത്തന്നെ 8.10.1962-ൽ രാജി സമർപ്പിച്ച ഡി. ദാമോദരൻ പോറ്റി, കെ. ചന്ദ്രശേഖരൻ എന്നിവർ 10.10.1962-നും 17.10.1969-ൽ രാജി സമർപ്പിച്ച എം. എൻ. ഗോവിന്ദൻ നായർ, ടി. വി. തോമസ്, റ്റി. കെ. ദിവാകരൻ എന്നിവർ 21.10.1969-ലും 01.04.2013-ൽ രാജി സമർപ്പിച്ച ശ്രീ. കെ. ബി. ഗണേഷ് കുമാർ 02.4.2013-ലുമാണ് ഇപ്രകാരമുള്ള പ്രസ്താവന നടത്തിയത്. മേൽപ്പറഞ്ഞ രാജികളെല്ലാം നിയമസഭ നടക്കുന്ന സമയത്താണുണ്ടായത്.

ഇന്റർസെഷൻ സമയത്ത് രാജിവച്ച ഒരു മന്ത്രി ഇപ്രകാരം ഒരു പ്രസ്താവന നടത്തുവാൻ അനുമതി ആവശ്യപ്പെടുന്നത് ആദ്യമായിട്ടാണ്. രാജിവച്ച മന്ത്രി ഇത്ര ദിവസത്തിനകം പ്രസ്താവന നടത്തണമെന്ന് നമ്മുടെ ചട്ടത്തിൽ നിബന്ധനയില്ല. എന്നാൽ ലോക്സഭാ ചട്ടത്തിൽ (ചട്ടം 199) രണ്ട് സമ്മേളനങ്ങൾക്കിടയ്ക്കുള്ള സമയത്ത് രാജിവയ്ക്കുന്ന മന്ത്രി ലോക്സഭാ സമ്മേളനം ആരംഭിച്ചശേഷം 7 ദിവസത്തിൽ അധികരിക്കാത്ത ഒരു ദിവസം അപ്രകാരമുള്ള പ്രസ്താവന നടത്താവുന്നതാണെന്നും നിബന്ധന ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധന നിയമസഭാ ചട്ടം 314 പ്രകാരം ഇവിടെയും പ്രാവർത്തികമാക്കുകയാണ്. നമ്മുടെ ചട്ടത്തിൽ ഇത്ര ദിവസത്തിനകത്ത് പ്രസ്താവന നടത്തണമെന്ന് പറഞ്ഞിട്ടില്ല. ലോക്സഭാ ചട്ടത്തിൽ 7 ദിവസമെന്നാണ് പറഞ്ഞിട്ടുള്ളത്. അത് ഇവിടെയും പ്രാവർത്തികമാക്കുന്നു. ഇന്ന് സഭാസമ്മേളനം ആരംഭിച്ചിട്ട് അഞ്ചാം ദിവസമാണ്. ശ്രീ. കെ. എം. മാണിക്ക് പ്രസ്താവന നടത്താവുന്നതാണ്. .................(ബഹളം).........